"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോട്ടുകൂടി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2141/2019/LSGD തീയതി,തിരുവനന്തപുരം, 30/09/2019

പരാമർശം:- 1 30.7.18-ന് ചേർന്ന ഹരിതകേരളം സംസ്ഥാന മിഷൻ യോഗത്തിലെ തീരുമാനം നമ്പർ 8

2 ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 16.10.2018-ലെ HKM/A2/2031(2)/2018നമ്പർ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.04.20189- ലെ 2152/C5/2016/SMനമ്പർ കത്ത്

**ഉത്തരവ്**

ചന്തകളിലെ മാലിന്യ സംസ്കരണത്തിന് ഓരോ ചന്തയുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപം നല്കുന്നതിനും ഇവ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയാറാക്കുന്നതിന് മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും പ്രവർത്തന ഏകോപന ചുമതല ശുചിത്വ മിഷന് നൽകുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാതൃക ചന്തയുടെ പൊതു മാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ട് പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഹരിത കേരളം മിഷൻ എക്സിക്യൂട്ടക്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോട്ട കൂടി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവത് കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടുകൂടി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4.കർമ്മപദ്ധതിസംബന്ധിച്ച മാർഗ്ഗനിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ശുചിത്വ മിഷൻ നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/GSSA/ERSA)) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

<u>അനുബന്ധം .1</u>

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടുകൂടി മാർക്കറ്റുകളിൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവത്ക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി- മാർഗ്ഗനിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും നേരിടുന്ന വെല്ലുവിളികളിൽ ഒന്നാണ് മാർക്കറ്റുകളിലെ ശാസ്ത്രീയ മാലിന്യ പരിപാലനം. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെ മാർക്കറ്റിലെ ആളൊഴിഞ്ഞ സ്ഥലത്ത് കൂട്ടിയിടുകയോ, കൂട്ടിയിട്ട് കത്തിക്കുകയോ, അലക്ഷ്യമായി വലിച്ചെറിയുകയോ, പൊതുമാലിന്യ പരിപാലന സംവിധാനത്തിലേക്കുകയറ്റി വിടുകയോ ചെയ്യുന്നതാണ് സാധാരണയായി കണ്ടുവരുന്ന പ്രവണത. അതോടൊപ്പം വേണ്ടത്ര പൊതു ടോയ്ലെറ്റുകൾ ഇല്ലാത്ത സ്ഥിതി, വെള്ളക്കെട്ട്, ടോയലറ്റ് മാലിന്യം സംസ്കരിക്കുന്നതിലെ അപാകത തുടങ്ങിയ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

മാർക്കറ്റുകളിൽ ഉണ്ടാകുന്ന ജൈവ മാലിന്യങ്ങളായ മത്സ്യ-മാംസങ്ങളുടെ അവശിഷ്ടങ്ങൾ, പഴം-പച്ചക്കറികളുടെ അവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ മത്സ്യ മാർക്കറ്റുകൾ ഉൾപ്പടെ കഴുകി വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന ദ്രവമാലിന്യം, പൊതു ടോയ്ലറ്റുകളിൽ ശേഖരിക്കപ്പെടുന്ന മനുഷ്യമലവിസർജ്യങ്ങൾ ഇവയെല്ലാംതന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ട്. ഇതിനായി ചന്തയിൽ ഓരോ ദിവസവും ഉണ്ടാകുന്ന മാലിന്യം തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനായി എയ്റോബിക് കമ്പോസ്റ്റ് ബിന്നുകളും, ബയോ മെത്തനേഷൻ പ്ലാൻറകളും, അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് സഹായിക്കുന്നതിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും, മത്സ്യ-മാംസ മാർക്കറ്റ് വൃത്തിയാക്കുന്നതിനുള്ള യന്ത്ര സംവിധാനങ്ങൾ, ദ്രവ മാലിന്യം പരിപാലിക്കുന്നതിനായി എഫ്ളുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ് എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. അതോടൊപ്പം വിശ്രമമുറിയും ശൗചാലയ കോംപ്ലെക്സും, ശൗചാലയ മാലിന്യം സംസ്കരിക്കുന്നതിന് ട്രീറ്റ്മെൻറ് പ്ലാൻറും ആവശ്യമാണ്. കൂടാതെ മാർക്കറ്റുമായി ബന്ധപ്പെട്ട് മഴക്കാലത്തുണ്ടാകുന്ന ഉപരിതല നീരോഴുക്ക് (Overland flow) ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും അനുയോജ്യമായി സംസ്കരിച്ച് ഒഴുക്കി വിടുന്നതിനുമുള്ള ഗാർലൻറ് ഡ്രെയിൻ കളക്ഷൻ സമ്പ് സംവിധാനവും അനിവാര്യമാണ്. ഇതിലേക്ക് ചുവടെ ചേർക്കുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

- ആദ്യഘട്ടം ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഒന്നു വീതം 152 ഉം, 87 മുനിസിപ്പാലിറ്റികളിലും, 6 നഗരസഭകളിൽ ഒന്നുവീതം 93 ഉൾപ്പെടെ 245 മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.
- ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ആധുനിക വത്കരിക്കുവാൻ ഉദ്ദേശിക്കുന്ന മാർക്കറ്റ് ജില്ലാ ശുചിത്വ സമിതി തെരഞ്ഞെടുക്കേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെട്ട മാർക്കറ്റിന്റെ ഇപ്പോഴത്തെ ശുചിത്വ നിലവാരം തിട്ടപ്പെടുത്തി അക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാകണം ആധുനികവൽകരണത്തിനുള്ള ഇടപെടലുകൾ ഡി.പി.ആറിൽ ഉൾക്കൊള്ളിക്കേണ്ടത്. ഇതിനായി അനുബന്ധം-2 ഉപയോഗപ്പെടുത്താവുന്നതാണ്.

- പദ്ധതികൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന മാർക്കറ്റുകൾക്ക് ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ശുചിത്വ മാലിന്യ സംസ്കരണത്തിനായി നീക്കിവച്ചിട്ടുള്ള 10% പദ്ധതിവിഹിതം ജില്ലാ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ചേർത്ത് സംയുക്ത പദ്ധതി എന്ന രീതിയിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- നഗരപ്രദേശങ്ങളിൽ മാർക്കറ്റുകളുടെ ആധുനികവൽകരണത്തിനായി നഗരസഭകൾക്ക് ലഭ്യമാക്കുന്ന ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതി വിഹിതമായ 15% ൽ നിന്ന് കണ്ടെത്തേണ്ടതാണ്.
- സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുത്ത് ഡി.പി.ആർ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.
- ഡി.പി.ആറിൽ ഉൾപ്പെട്ട ഘടകങ്ങളിൽ ഖര-ദ്രവമാലിന്യ പദ്ധതികളിൽ തദ്ദേശ സ്ഥാപനതലത്തിൽ സാങ്കേതിക അനുമതി നൽകാത്ത പ്രോജക്ടുകൾക്ക് സംസ്ഥാന ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകുന്നതാണ്.
- തദ്ദേശസ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക സഹായം ആവശ്യമെങ്കിൽ ശുചിത്വ മിഷനെ സമീപിക്കാവുന്നതാണ്
- ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലെ ആധുനികവത്കരണ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടവും ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതാണ്. നഗരസഭയിൽ ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ ശുചിത്വ മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യാവുന്നതാണ്. കൂടാതെ ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനതല കമ്മറ്റിയിൽ അംഗം ആകാവുന്നതാണ്.

**അനുബന്ധം 2**

**ആധുനികവൽകരണ ഡി.പി.ആർ തയ്യാറാക്കുന്നതിലേക്ക് മാർക്കറ്റ് സന്ദർശന വേളയിൽ പരിഗണിക്കാവുന്ന ഘടകങ്ങൾ**

1. നിലവിലെ മനുഷ്യ വിസർജ്ജ്യ പരിപാലനം
2. നിലവിലെ ഖരമാലിന്യ പരിപാലനം
3. നിലവിലെ ദ്രവ മാലിന്യ പരിപാലനം
4. നിലവിലെ ശുദ്ധജല വിതരണ സംവിധാനം
5. മാർക്കറ്റിന്റെ പൊതുവായ ശുദ്ധി, ദുർഗന്ധം, തെരുവ് നായശല്യം

**1. നിലവിലെ മനുഷ്യ വിസർജ്ജ്യ പരിപാലനം**

A. ശൗചാലയ സംവിധാനം ഉണ്ടോ?

| ഉണ്ട്. | ഉണ്ട്, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് | ഇല്ല. | ഇല്ല, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് |
|---|---|---|---|
| a) എത്ര എണ്ണം | | a) ഇപ്പോൾ എന്ത് സംവിധാനമാണ് പൊതു ജനങ്ങൾക്ക് ഇതിനായി ഉള്ളത് | |
| b) പര്യാപ്തമാണോ | | b) എത്ര ശൗചാലയങ്ങൾ നിർമ്മിക്കേണ്ടതയിട്ടുണ്ട് | |
| c) പര്യാപ്തമല്ലെങ്കിൽ എത്ര എണ്ണം നിർമ്മിക്കേണ്ടി വരും | | c) ഇതിനായുള്ള സ്ഥലം ലഭ്യമാണോ | |
| d) നിർമ്മിക്കാനുള്ള സ്ഥലം | | d) എത്ര തുക ഇതിനായി വേണ്ടി വരും | |
| e) ഉദ്ദേശം എത്ര തുക ആവശ്യമായി വരും | | | |

B. ശൗചാലയങ്ങൾ ഉണ്ടെങ്കിൽ അത് കൃത്യമായി പരിപാലിക്കുന്നുണ്ടോ

| ഉണ്ട് | ഉണ്ട്, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് | ഇല്ല | ഇല്ല, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് |
|---|---|---|---|
| a) പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ടോ/ സ്വകാര്യ വ്യക്തി/സ്ഥാപനം മുഖേനയോ | | a) എന്തു കൊണ്ടാണ് പരിപാലിക്കപ്പെടാത്തത് | |
| b) വൃത്തിയാക്കുന്നത് പൂർണ്ണമാണോ? ദുർഗന്ധവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടോ ? | | b) പരിപാലിക്കപ്പെടാനായി എന്ത് ചെയ്യേണ്ടതായിട്ടുണ്ട് ? | |
| c) ഹൈപ്രഷർ ജെറ്റ് പമ്പ് പോലുള്ള യന്ത്ര സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതായുണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം ? | | c) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നേരിട്ട് ചെയ്യാൻ സാധിക്കുമോ ? | |
| d) വൃത്തിയാക്കുന്ന തൊഴിലാളികൾ കൈയ്യുറ പോലുള്ള സ്വയംസുരക്ഷയ്ക്കായുള്ള സംവിധാനങ്ങൾ ഉപയോഗിക്കാറുണ്ടോ ? | | d) സ്വകാര്യ വ്യക്തി/ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ ? | |

C. നിലവിലെ ശൗചാലയങ്ങൾക്ക് എന്തെങ്കിലും പുനരുദ്ധാരണം ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വേണ്ടിവരും;

**2. നിലവിലെ ഖരമാലിന്യ പരിപാലനം**

A. നിലവിൽ ഖരമാലിന്യം കൈകര്യം ചെയ്യപ്പെടാറുണ്ടോ?

| ഉണ്ട് | ഉണ്ട്, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് | ഇല്ല | ഇല്ല, എങ്കിൽ താഴെപറയുന്ന വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ് |
|---|---|---|---|
| a) ജൈവ മാലിന്യങ്ങൾ (പച്ചക്കറി, മത്സ്യം, മാംസം, കോഴിവേസ്റ്റ്) എന്ത് ചെയ്യുന്നു? ഇത് തൃപ്തികരമാണോ ? | | a) നിലവിൽ ജൈവ-അജൈവ മാലിന്യങ്ങൾ എന്ത് ചെയ്യുന്നു ? | |
| b) അജൈവ മാലിന്യങ്ങൾ എന്ത് ചെയ്യുന്നു? ഇത് തൃപ്തികരമാണോ? | | b) ഇപ്പോഴത്തെ രീതി ശാസ്ത്രീയമാണോ ? | |
| c) പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ നിലവിലുള്ളതിന്റെ ശേഷി കൂട്ടുകയെന്നതിന്റെ ആവശ്യകതയുണ്ടോ ? | | c) ഇല്ലെങ്കിൽ മാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കേണ്ടതുണ്ടോ ? | |
| d) പ്രവൃത്തി പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടാണോ /സ്വകാര്യവ്യക്തി /സ്ഥാപനം /ഹരിതകർമ്മസേന മുഖേനയാണോ? | | d) എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുണ്ടോ,അതേ വാർഡിലെ തൊട്ടടുത്തുള്ള എം.സി.എഫിൽ കൈമാറിയാൽ മതിയോ? | |
| e) ഇതിൽ പണിഎടുക്കുന്ന തൊഴിലാളികൾ സ്വയംസുരക്ഷ സംവിധാനങ്ങൾ ഉപയോഗിക്കാറുണ്ടോ ? | | | |

B) നിലവിലെ മാലിന്യ സംസ്കരണ സംവിധാനത്തിന് എന്തെങ്കിലും പുനരുദ്ധാരണം ആവശ്യമുണ്ടോ?

**3. ദ്രവ മാലിന്യ സംസ്കരണം**

A. (a) നിലവിൽ കടകൾ, ഹോട്ടലുകൾ, മീൻ മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം എന്ത് ചെയ്യുന്നു.

b) ഇവിടങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മലിന ജലം എവിടെ ഒഴുകി പോകുന്നു; ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നുണ്ടോ?

c) സംസ്കരിക്കാൻ സംവിധാനമുണ്ടെങ്കിൽ, എന്ത് തരം സംവിധാനമാണ് ഉള്ളത്

i. സെപ്റ്റിക്ക് ടാങ്ക്
ii. സെപ്റ്റിക്ക് ടാങ്ക്- സോക്ക് പിറ്റ്
iii. സോക്ക് പിറ്റ്

d) നിലവിലുള്ള സംവിധാനം പര്യാപ്തമാണോ? അതിന്റെ ശേഷികൂട്ടുകയോ എണ്ണം കൂട്ടുകയോ ചെയ്യേണ്ടതുണ്ടോ?

B. (a) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്ത്?

i. സെപ്റ്റിക്ക് ടാങ്ക്
ii. സെപിറ്റിക്ക് ടാങ്ക്- സോക്ക് പിറ്റ്
iii. സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്

(b) നിലവിലുള്ള സംവിധാനം പര്യാപ്തമാണോ? ഇതിന്റെ ശേഷി കൂട്ടുകയോ, മറ്റ് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യോണ്ടതുണ്ടോ?

(c) മഴക്കാലത്തുണ്ടാകുന്ന ഉപരിതല നീരൊഴുക്ക് എങ്ങനെ കൈകാര്യം ചെയ്യുന്നു?

**4. നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനം**

A. നിലവിൽ കുടിവെള്ളം കിട്ടുന്നതിനുള്ള സംവിധാനം

i. കിണർ ( കോരി എടുക്കുന്നു)
ii. കിണർ ( പമ്പ് വഴി കൊടുക്കുന്നു)
iii. പുറത്തു നിന്ന് കൊണ്ടു വരുന്നു.

- ഇതിന്റെ ശുദ്ധത പരിശോധിച്ചിട്ടുണ്ടോ?
- എവിടെ നിന്നാണ് കൊണ്ടു വരുന്നത്
- എത്ര ടാങ്ക് ലഭ്യമാക്കണം? ഇത് പര്യാപ്തമാണോ?

iv. ട്യൂബ് വെൽ

B. കൂടുതൽ വെള്ളത്തിന്റെ ആവശ്യമുണ്ടോ ? ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരി ക്കണം?

C. നിലവിലുള്ള കിണർ/ മറ്റ് ജല സ്രോതസ്സിന് റിപ്പയർ എന്തെങ്കിലും ആവശ്യമുണ്ടേ?

**5. പൊതു ശുചിത്വം**

a) മാർക്കറ്റിൽ ദുർഗന്ധം എന്തെങ്കിലും ഉണ്ടോ?

b) കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ ഉണ്ടോ ?

c) വൃത്തിയാക്കുന്ന ആവർത്തി കൂട്ടേണ്ടതായിട്ടുണ്ടോ?

d) വൃത്തിയാക്കുന്നതിനായി സ്വകാര്യ വ്യക്തി/ സ്ഥാപനത്തിനെ/ ഹരിതകർമ്മ സേനയെ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ?

e) കച്ചവടക്കാർക്ക് കച്ചവടം ചെയ്യുന്നതിന് ആവശ്യമായ നല്ല കെട്ടിടം, വെളിച്ചം എന്നിവയുണ്ടോ ?

f) പൊതു ജനങ്ങൾക്ക് സഞ്ചാര യോഗ്യമായ ഭംഗിയുള്ള നടപ്പാതകൾ ഉണ്ടോ